നവകേരളം വാർത്ത

2023 ഫെബ്രുവരി 01-15 ന്യൂസ് ലെറ്റർ

# പശ്ചിമഘട്ട പ്രദേശത്തെ ജനവാസം സുരക്ഷിതമാക്കും: മന്ത്രി റോഷി അഗസ്റ്റിൻ

പശ്ചിമഘട്ട പ്രദേശത്തെ ജനവാസം സുരക്ഷിതമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ജലവിഭവമന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. പശ്ചിമഘട്ട നീർച്ചാലുകളുടെയെല്ലാം സുഗമമായ ഒഴുക്ക് ഉറപ്പുവരുത്തുന്നത് ഇതിന്റെ ഭാഗമായാണെന്നും മന്ത്രി പറഞ്ഞു. ഇടുക്കി ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജനുവരി 21 ന് പശ്ചിമഘട്ട നീർച്ചാൽ മാപിംഗ് പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനവും ബ്രോഷർ പ്രകാശനവും നിർവഹിക്കുകയായിരുന്നു മന്ത്രി. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' പദ്ധതിയോടനുബന്ധിച്ചാണ് പരിപാടി നടന്നത്.



പ്രളയവും വെള്ളപ്പൊക്കവുമൊക്കെ കാരണം ജനങ്ങൾ പശ്ചിമഘട്ടത്തെ ഭയപ്പാടോടെ നോക്കിക്കാണുന്ന സ്ഥിതിയുണ്ടെന്ന് മന്ത്രി പറഞ്ഞു. അതിന് മാറ്റം വരുത്തണം. പശ്ചിമഘട്ടത്തിലെ നീർച്ചാലുകളും തോടുകളുമെല്ലാം സുഗമമായി ഒഴുകണം. വെള്ളം താഴ്ന്നിറങ്ങി മലയിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടാകാനുള്ള സാഹചര്യം ഉണ്ടാകാൻ പാടില്ല - മന്ത്രി പറഞ്ഞു.




ഈ ലക്ഷ്യം മുൻനിർത്തിയാണ് 'ഇനി ഞാനൊഴുകട്ടെ' എന്ന ശ്രദ്ധേയമായ പരിപാടി ഹരിതകേരളം മിഷനും സർക്കാരും നടപ്പാക്കിയത്. രണ്ടുഘട്ടങ്ങളിലായി വളരെ ശ്രദ്ധേയമായ നിലയിൽ ഈ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു. കഴിഞ്ഞ വർഷങ്ങളിലെ പെരുമഴക്കാലത്ത് കേരളം വെള്ളത്തിൽ മുങ്ങാതിരുന്നത് ഇക്കാരണം കൊണ്ടു കൂടിയാണെന്ന് പഠനം തെളിയിച്ചിട്ടുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

ഈ വിജയമാതൃകയെ പിന്തുടർന്നാണ് 'ഇനി ഞാൻ ഒഴുകട്ടെ' മൂന്നാം ഘട്ടത്തിനും തുടക്കമിടുന്നത്. ഇതിന്റെ ഏറ്റവും പ്രധാന ഘടകമാണ് മാപിംഗ് പ്രവർത്തനങ്ങൾ. അതിന് ജലവകുപ്പിന്റെ സർവ്വ വിധ പിന്തുണയും മന്ത്രി വാഗ്ദാനം ചെയ്തു. ചടങ്ങിൽ എം.എം. മണി എം.എൽ.എ. അധ്യക്ഷനായിരുന്നു.

ചടങ്ങിൽ മാപത്തോണിന്റെ ഭാഗമായി പുറത്തിറക്കിയ ബ്രോഷറിന്റെ പ്രകാശനവും മന്ത്രി നിർവഹിച്ചു. വാഴൂർ സോമൻ എം.എൽ.എ. ബ്രോഷർ ഏറ്റുവാങ്ങി. നവകേരളം കർമപദ്ധതി 2 സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ വിഷയമവതരിപ്പിച്ചു. ഹരിതകേരളം മിഷന്റെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും നേതൃത്വത്തിൽ പശ്ചിമഘട്ട പ്രദേശങ്ങൾ ഉൾപ്പെടുന്ന 230 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ നീർച്ചാൽ ശൃംഖല ശാസ്ത്രീയമായി കണ്ടെത്തി വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് സംസ്ഥാന സർക്കാർ തുടക്കം കുറിക്കുന്നതെന്ന് ഡോ. ടി.എൻ. സീമ പറഞ്ഞു.

# ഹരിതകേരളം മിഷൻ കർമസമിതി യോഗം മന്ത്രി എം.ബി. രാജേഷിന്റെ അധ്യക്ഷതയിൽ ചേർന്നു



നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടന്നുവരുന്ന 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' പദ്ധതിയിൽ മാപിംഗ് പൂർത്തിയാക്കിയ സ്ഥലങ്ങളിൽ ഏപ്രിൽ ആദ്യവാരം നീർച്ചാലുകളുടെ വീണ്ടെടുപ്പ് പ്രവർത്തനങ്ങൾ ആരംഭിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷിന്റെ അധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം മിഷൻ കർമ സമിതി യോഗത്തിലാണ് തീരുമാനം. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ.സീമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ അവതരണം നടത്തി. ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമുള്ള സാധ്യത ലഘൂകരിച്ച് പശ്ചിമഘട്ട പ്രദേശത്ത് സുരക്ഷിതജനവാസം ഉറപ്പാക്കാൻ ലക്ഷ്യമിട്ട് 230 പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച കാർബൺ ന്യൂട്രൽ കേരള പ്രവർത്തനമായ 'നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ' പദ്ധതി ആദ്യഘട്ടത്തിൽ 99 പഞ്ചായത്തുകളിൽ നടപ്പാക്കും. അടുത്ത വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇതിനായി പദ്ധതി തയ്യാറാക്കാനും യോഗത്തിൽ തീരുമാനമായി. കേരളത്തെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി മാറ്റുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ റിപ്പബ്ലിക് ദിനം മുതൽ ജനുവരി 30 വരെ സംഘടിപ്പിക്കുന്ന 'വലിച്ചെറിയൽ മുക്ത കേരളം' പരിപാടി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജനകീയ ശുചീകരണത്തോടെ നടപ്പാക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എം.ജി. രാജമാണിക്യം, അർബൻ ഡയറക്ടർ അരുൺ കെ. വിജയൻ, കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബി. അശോക്, കില ഡയറക്ടർ ജനറൽ ജോയ് ഇളമൺ, നവകേരളം കർമപദ്ധതി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഇന്ദു എസ്., അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ, ഹരിതകേരളം മിഷൻ അസി. കോർഡിനേറ്റർ എബ്രഹാം കോശി, ലാൻഡ് യൂസ് കമ്മീഷണർ എ. നിസാമുദ്ദീൻ, സോയിൽ കൺസർവേഷൻ ഡയറക്ടർ എസ്. സുബ്രഹ്മണ്യൻ, CWRDM എക്സി.ഡയറക്ടർ ഡോ. മനോജ് പി.സാമുവേൽ തുടങ്ങി ഉന്നത ഉദ്യോഗസ്ഥരും കർമസമിതി അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു.

# ലൈഫ് പദ്ധതിയിൽ 40 വീടുകളുടെ നിർമ്മാണം ആരംഭിച്ച് കൊരട്ടി പഞ്ചായത്ത്

'കുടിൽ രഹിത കൊരട്ടി' എന്ന ലക്ഷ്യത്തോടെ മുന്നോട്ട് പോകുന്ന കൊരട്ടി പഞ്ചായത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 40 വീടുകളുടെ നിർമ്മാണം ആരംഭിച്ചു. പദ്ധതിയുടെ ആദ്യ ഗഡു വിതരണരേഖാ കൈമാറ്റത്തിന്റെ ഉദ്ഘാടനം കൊരട്ടി പഞ്ചായത്ത് പ്രസിഡന്റ് പി സി ബിജു നിർവ്വഹിച്ചു.



പട്ടികജാതി വിഭാഗത്തിൽ 27 വീടുകളും പൊതു വിഭാഗത്തിൽ 13 വീടുകളുമാണ് ആദ്യഘട്ടത്തിൽ നിർമ്മിക്കുക. 4 ലക്ഷം രൂപ ചെലവിൽ 420 സ്ക്വയർ ഫീറ്റുള്ള വീടുകളാണ് നിർമിക്കുന്നത്. വീട് നിർമ്മാണത്തിനുള്ള വിവിധ പ്ലാനുകൾ പഞ്ചായത്ത് ലഭ്യമാക്കും. വർഷങ്ങൾ പഴക്കമുള്ള ലക്ഷം വീടുകൾ ഒറ്റ വീടാക്കുന്ന സംസ്ഥാനത്തെ മാതൃക പദ്ധതിയിലൂടെ കൊരട്ടി പഞ്ചായത്തിലെ 37 വീടുകളുടെ നിർമ്മാണവും അവസാന ഘട്ടത്തിലാണ്.



# വലിച്ചെറിയൽ മുക്ത കേരളം

## സംസ്ഥാനമൊട്ടാകെ വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഒരു പൊതു ഇടം കണ്ടെത്തി ശുചീകരിച്ചുകൊണ്ടാണ് ക്യാമ്പയിനിന് തുടക്കമിട്ടത്. മാലിന്യ കൂനകൾ ഉണ്ടെങ്കിൽ അതും നീക്കം ചെയ്യും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ മറ്റ് സർക്കാർ വകുപ്പുകൾഎന്നിവിടങ്ങളിലും ക്യാമ്പയിൻ സംഘടിപ്പിക്കും. ശുചീകരണത്തിന് ശേഷം ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളെ തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറും. കൂടാതെ വൃത്തിയാക്കുന്ന പൊതു ഇടങ്ങൾ ആ പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ സൗന്ദര്യവത്കരിക്കുകയും ചെയ്യും.

### പത്തനംതിട്ട

വൃത്തിയുള്ള നവകേരളം വലിച്ചെറിയൽ മുക്ത കേരളം പത്തനംതിട്ട ജില്ലാ തല ഉദ്ഘാടനം പത്തനംതിട്ട നഗരസഭ ബസ്സ്റ്റാൻറിന് സമീപം ആരോഗ്യ വനിതാ ശിശുക്ഷേമ മന്ത്രി വീണാ ജോർജ്  നിർവഹിച്ചു. വൃത്തിയുള്ള നവകേരളം - വലിച്ചെറിയൽ മുക്ത കേരളം കാമ്പയിൻ പ്രവർത്തനങ്ങൾക്കും മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനും എല്ലാ പിന്തുണയും നൽകുമെന്ന് മന്ത്രി പറഞ്ഞു. വലിച്ചെറിയൽ മുക്ത കേരളം പ്രതിജ്ഞ പത്തനംതിട്ട മുനിസിപ്പാലിറ്റി ചെയർമാൻ അഡ്വ. സക്കീർ ഹുസൈൻ ചൊല്ലിക്കൊടുത്തു.

അടൂർ നഗരസഭയിൽ ഡെപ്യൂട്ടി സപീക്കർ ചിറ്റയം ഗോപകുമാർ വലിച്ചെറിയൽ മുക്ത കാമ്പയിൻ ഉദ്ഘാടനം നിർവഹിച്ചു. ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എം.എൽ.എ.മാർ, നഗരസഭ-ഗ്രാമപഞ്ചായത്ത് അധ്യക്ഷന്മാർ ഉദ്ഘാടനം നിർവഹിച്ചു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിത കർമസേനാംഗങ്ങൾ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വലിച്ചെറിയൽ മുക്ത കേരളം കാമ്പയിന് തുടക്കം കുറിച്ചു.



### എറണാകുളം

വലിച്ചെറിയൽ മുക്ത കേരളം കാമ്പയിൻ എറണാകുളം ജില്ലാ തല ഉദ്ഘാടനം കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് 20-ാം വാർഡ്  മഞ്ഞാലി മാവിൻ ചുവട്  ചേർന്ന യോഗത്തിൽ നിയമ, കയർ, വ്യവസായ വകുപ്പ് മന്ത്രി  പി. രാജീവ്



നിർവഹിച്ചു. ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാലു അധ്യക്ഷത വഹിച്ചു. ചടങ്ങിൽ നവകേരളം കർമ്മ പദ്ധതി ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്. എല്ലാവരെയും സ്വാഗതം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് മെമ്പർ, കരുമാല്ലൂർ പഞ്ചായത്ത് ജനപ്രതിനിധികൾ, SNGIST ആർട്സ് ആൻഡ് സയൻസ് കോളേജ് എൻ എസ് എസ് കുട്ടികൾ, ഹരിത കർമ്മ സേന, കുടുംബശ്രീ ചെയർപേഴ്സൺ, കുടുംബശ്രീ അംഗങ്ങൾ, പൊതു ജനങ്ങൾ, നവകേരളം കർമ്മ പദ്ധതി റിസോഴ്സ് പേഴ്സൺമാർ, ഇന്റേൺഷിപ്പ് ട്രെയിനിമാർ തുടങ്ങിയ 200ഓളം പേർ ചടങ്ങിൽ പങ്കാളിയായി.

# തൃശൂർ

വൃത്തിയുള്ള നവകേരളം പദ്ധതിയുടെ ഭാഗമായി വലിച്ചെറിയൽ മുക്ത കേരളം കാമ്പയിൻ തൃശൂർ ജില്ലാതല ഉദ്ഘാടനം ഒല്ലൂക്കര ബ്ലോക്കിൽ റവന്യൂ വകുപ്പു മന്ത്രി കെ. രാജൻ നിർവ്വഹിച്ചു. 2023 ജൂൺ മാസത്തോടു കൂടി മരത്താക്കര മുതൽ വാണിയംപാറ വരെയുള്ള ഭാഗം മുഴുവൻ ക്യാമറകൾ സ്ഥാപിച്ചുകൊണ്ട് കണ്ണടക്കാത്ത ദേശീയ പാതയായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഉദ്ഘാടന വേളയിൽ മന്ത്രി പറഞ്ഞു. അദ്ധ്യക്ഷൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ.ആർ. രവി പ്രതിജ്ഞ ചൊല്ലി കൊടുത്തു. ശുചിത്വമിഷൻ ജില്ലാ



കോ-ഓർഡിനേറ്റർ ഏണസ്റ്റ് സി. തോമസ് ക്യാമ്പയിൻ പ്രവർത്തനം വിശദീകരിച്ചു. LSGD ജോയിന്റ് ഡയറക്ടർ ബെന്നി ജോസഫ് സ്വാഗതവും, നവകേരളം കർമ്മ പദ്ധതി ജില്ലാ കോർഡിനേറ്റർ സി. ദിദിക നന്ദിയും പറഞ്ഞു. ഗ്രാമ പഞ്ചായത്തു പ്രസിഡൻറുമാർ, ജനപ്രതിനിധികൾ, ഹരിത കർമ്മസേനാംഗങ്ങൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, ഉദ്യോഗസ്ഥർ, ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ എന്നിവരും പങ്കെടുത്തു. ശുചീകരണ പ്രവർത്തനങ്ങൾ വിവിധ പഞ്ചായത്തുകളിൽ ആരംഭിച്ചു. ഒന്നാം ഘട്ട ക്യാമ്പയിൻ ജനുവരി 30 ന് സമാപിക്കും.

# പാലക്കാട്

പാലക്കാട് ജില്ലാ 'വലിച്ചെറിയൽ മുക്ത കേരളം' കാമ്പയിൻ ജില്ലാതല ഉദ്ഘാടനം മരുത റോഡ് ഗ്രാമപഞ്ചായത്തിൽ നടന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ - വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു. ചടങ്ങിൽ മലമ്പുഴ എം .എൽ.എ. എ. പ്രഭാകരൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ, പഞ്ചായത്ത് പ്രസിഡന്റ് പി ഉണ്ണികൃഷ്ണൻ, നവകേരളം കർമ്മ പദ്ധതി ജില്ലാ കോർഡിനേറ്റർ പി. സൈതലവി, ശുചിത്വ മിഷൻ, ക്ലീൻകേരള കമ്പനി ഉദ്യോഗസ്ഥർ, ഹരിത കർമ്മസേനാ അംഗങ്ങൾ തുടങ്ങി നിരവധിപേർ പങ്കെടുത്തു.



# കോട്ടയം

വലിച്ചെറിയൽ മുക്ത കേരളം ക്യാമ്പയിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ ശുചീകരണ പ്രവർത്തനങ്ങളുടെ ജില്ലാ തല ഉദ്ഘാടനം മന്ത്രി വി. എൻ. വാസവൻ നിർവഹിച്ചു.അയ്മനം ഗ്രാമപഞ്ചായത്ത് ഇരുപതാം വാർഡിൽ ചീപ്പുങ്കൽ ഭാഗത്ത് നിന്നും ശുചീകരണത്തിലൂടെ ശേഖരിച്ച അജൈവ വസ്തുക്കൾ ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറിയാണ് കാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. കൃത്യമായ മാലിന്യ സംസ്കരണത്തിലൂടെ നാടിനെ വൃത്തിയുള്ളതായി മാറ്റുന്നതിന്റെ പ്രവർത്തനങ്ങളും, അത് കൊണ്ട് ലഭിക്കുന്ന നേട്ടങ്ങളും ഉദ്ഘാടന പ്രസംഗത്തിൽ



പരാമർശിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ,ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ എന്നിവരുടെ നേതൃത്വത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

# തിരുവനന്തപുരം

ജില്ലാതല ഉദ്ഘാടനം ഡോ. ടി.എൻ. സീമ നിർവഹിച്ചു.

'വൃത്തിയുള്ള നവകേരളം – വലിച്ചെറിയൽ മുക്ത കേരളം' കാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ നിർവഹിച്ചു. കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ ഉച്ചക്കട മാർക്കറ്റിലെ ശുചീകരണത്തോടെയാണ് പരിപാടിക്ക് തുടക്കമായത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ



നേതൃത്വത്തിൽ ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ, ക്ലീൻകേരള കമ്പനി എന്നിവയുടെ സഹകരണത്തോടെയാണ് പൊതു ഇടങ്ങൾ പൊതുജന പങ്കാളിത്തത്തോടെ വൃത്തിയാക്കുന്നതിന് പദ്ധതിയിട്ടത്. വൃത്തിയാക്കപ്പെടുന്ന പൊതുസ്ഥലങ്ങൾ വീണ്ടും മാലിന്യ കൂമ്പാരമാകാതെ സംരക്ഷിച്ച് പൂന്തോട്ടം, പാർക്ക്, പ്രാദേശികമായി ആകർഷകമാക്കാൻ കഴിയുന്ന മറ്റ് ആശയങ്ങൾ എന്നിവ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു. ശേഖരിച്ച മാലിന്യങ്ങൾ വേർതിരിച്ച് പ്ലാസ്റ്റിക് മാലിന്യം ഹരിത കർമ്മസേനയ്ക്ക് കൈമാറുകയും അവശേഷിക്കുന്ന ജൈവമാലിന്യം സംസ്കരിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെറോം ദാസ് അധ്യക്ഷത വഹിച്ചു.

ജില്ലയിൽ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ശാർക്കര ക്ഷേത്രപരിസരത്ത് പ്രദേശത്തെ ശുചീകരണം എം എൽ എ വി. ശശി ഉദ്ഘാടനം ചെയ്തു. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ നഗരസഭാ ചെയർമാൻ രാജ് മോഹൻ ഉദ്ഘാടനം നിർവ്വഹിച്ചു. നെടുമങ്ങാട് നഗരസഭയിൽ മഞ്ചവാർഡിൽ നഗരസഭ ചെയർപേഴ്സൻ ശ്രീജ ശുചീകരണ ഉദ്ഘാടനം നിർവ്വഹിച്ചു. അഴൂർ ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് അനിൽ നാലുമുക്ക് ജംഗ്ഷൻ ശുചീകരണം ഉദ്ഘാടനം ചെയ്തു. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ മാലിന്യ കൂനനീക്കം ചെയ്യുന്ന കാമ്പയിൻ ചെയർപേഴ്സൺ അഡ്വ. എസ്. കുമാരി നിർവ്വഹിച്ചു. വർക്കല നഗരസഭയിൽ കാമ്പയിൻ ഉദ്ഘാടനം തൊടുവെ തോടിന് സമീപം നഗരസഭാ ചെയർമാൻ കെ.എം. ലാജി നിർവ്വഹിച്ചു.

# കൊല്ലം

വലിച്ചെറിയൽ മുക്ത കേരളം കാമ്പയിൻ - കൊല്ലം ജില്ലാ തല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സാം കെ. ഡാനിയേൽ നെടുമ്പന ഗ്രാമപഞ്ചായത്തിൽ നിർവഹിച്ചു.



ശൂരനാട് സൗത്ത് ഗ്രാമ പഞ്ചായത്തിൽ ശുചീകരണ കാമ്പയിൻ ഉദ്ഘാടനം കോവൂർ കുഞ്ഞുമോൻ എം.എൽ.എ. നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾ, മറ്റ് ജനപ്രതിനിധികൾ, സെക്രട്ടറി, അസി. സെക്രട്ടറി, വി.ഇ.ഒ. എം.ജി.എൻ.ആർ.ഇ-.ജി.എസ്. ഉദ്യോഗസ്ഥർ മറ്റ് ഉദ്യോഗസ്ഥർ, നവകേരളം കർമപദ്ധതി-ശുചിത്വമിഷൻ ആർ.പി.മാർ ഹരിതകർമസേന, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ പങ്കെടുത്തു.

# മലപ്പുറം

വലിച്ചെറിയൽ മുക്ത കേരളം' ക്യാമ്പയിൻ മലപ്പുറം ജില്ലാ തല ഉദ്ഘാടനം ഹജ്ജ്, വഖഫ്, കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ നിർവഹിച്ചു. വെട്ടം ഗ്രാമപഞ്ചായത്തിൽ നടന്ന ചടങ്ങിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ. റഫീഖ അധ്യക്ഷത വഹിച്ചു. വൃത്തിയുള്ള നവകേരളം - വലിച്ചെറിയൽ മുക്ത കേരളം കാമ്പയിൻ പ്രവർത്തനങ്ങൾക്കും മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനും എല്ലാ പിന്തുണയും മന്ത്രി




വാഗ്ദാനം നൽകി. വലിച്ചെറിയൽ മുക്ത കേരളം പ്രതിജ്ഞ പഞ്ചായത്ത് വൈസ് പ്രസിഡന്റ് രജനി മുല്ലയിൽ ചൊല്ലിക്കൊടുത്തു. തിരൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് യു. സൈനുദ്ദീൻ ആശംസകൾ അർപ്പിച്ചു.

യോഗത്തിൽ നവകേരളം കർമപദ്ധതി 2 ജില്ലാ കോർഡിനേറ്റർ ജിതിൻ റ്റി.വി.എസ്. പദ്ധതി വിശദീകരണം നടത്തി, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ ഹൈദ്രോസ് പി., വിദ്യാകിരണം കോർഡിനേറ്റർ ശ്രീ. മണി മാഷ്, വാർഡ് അംഗങ്ങൾ, നവകേരളം കർമപദ്ധതി ആർ.പി.മാർ, ഹരിത കർമസേനാംഗങ്ങൾ, നാട്ടുകാർ, കുടുംബശ്രീ, മലയാളം സർവകലാശാല വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

## വയനാട്

നവകേരളം കർമപദ്ധതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന 'വലിച്ചെറിയൽ മുക്ത കേരളം' കാമ്പയിന് വയനാട് ജില്ലാതല ഉദ്ഘാടനം കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കമലാ രാമൻ നിർവ്വഹിച്ചു. കണിയാമ്പറ്റ ടൗൺ പരിസരത്ത് നടന്ന ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ബിനു ജേക്കബ് അധ്യക്ഷത വഹിച്ചു. കാമ്പയിനിന്റെ ജില്ലാതല ഉദ്ഘാടനത്തിന്റെ



ഭാഗമായി കണിയാമ്പറ്റ ടൗൺ പരിസരം ഹരിത കേരളം, ശുചിത്വമിഷൻ, ഹരിതകർമ്മസേന അംഗങ്ങൾ, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ ശുചീകരിച്ചു.

'വൃത്തിയുള്ള നവകേരളം' എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യഘട്ട പ്രവർത്തനമായാണ് വലിച്ചെറിയൽ മുക്ത കേരളം കാമ്പയിൻ നടപ്പിലാക്കുന്നത്. പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയാതിരിക്കാനുള്ള സന്ദേശം ജനങ്ങളിൽ എത്തിക്കുക എന്നതാണ് കാമ്പയിനിന്റെ ലക്ഷ്യം. നവകേരളം കർമപദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ എന്നിവയുടെ നേതൃത്വത്തിലാണ് കാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

കാമ്പയിനിന്റെ ഭാഗമായി നിലവിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും രീതികളും മെച്ചപ്പെടുത്തും. ഗാർഹിക-സ്ഥാപനതല-ജൈവ/ ദ്രവ മാലിന്യ സംസ്കരണം വ്യാപിപ്പിക്കൽ, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് സംവിധാനം മെച്ചപ്പെടുത്തൽ, നൂറ് ശതമാനം അജൈവ മാലിന്യ ശേഖരണം ഉറപ്പാക്കൽ, മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ് എന്നീ സംവിധാനങ്ങൾ ഉറപ്പാക്കൽ എന്നിവയെല്ലാം പദ്ധതിയിൽ ഉൾപ്പെടുന്നു.

## കണ്ണൂർ

നാളിതു വരെ നടത്തിയ മാലിന്യ സംസ്കരണ മേഖലയിലെ വിവിധ കാമ്പയിനുകളെ സംയോജിപ്പിച്ച് വലിച്ചെറിയൽ മുക്ത ജില്ല എന്ന പുതിയ പ്രവർത്തന ഘട്ടത്തിന് റിപ്പബ്ലിക് ദിനത്തിൽ ജില്ലയിൽ തുടക്കമായി. പെരളശ്ശേരി ടൗണിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി. ദിവ്യ കാമ്പയിൻ ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികൾ,പെരളശ്ശേരി എ.കെ. ജി സ്മാരക ഗവ ഹയർ സെക്കണ്ടറി സ്കൂളിലെ എസ്.



പി.സി, എൻ.എസ്.എസ്, എൻ.സി.സി. വിദ്യാർത്ഥികൾ, ഹരിത കർമസേന അംഗങ്ങൾ, വ്യാപാരികൾ തുടങ്ങിയവർ ശുചീകരണത്തിന് നേതൃത്വം നൽകി. ചടങ്ങിൽ നവകേരളം കർമ്മ പദ്ധതി ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ സ്വാഗതവും വൈസ് പ്രസിഡന്റ് വി. പ്രശാന്ത് നന്ദിയും പറഞ്ഞു.

## കോഴിക്കോട്

കോഴിക്കോട് ജില്ലയിൽ നവകേരളം കർമ്മ പദ്ധതി 2 ന്റെ നേതൃത്വത്തിൽ നടക്കുന്ന വലിച്ചെറിയൽ മുക്ത കേരളം കാമ്പയിന് തുടക്കമായി. കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിലെ വാർഡ് 66 വെള്ളയിൽ പുതിയ കടവിൽ റോഡ് സൈഡിലെ മാലിന്യ കൂന നീക്കംചെയ്ത് ചെടി നട്ട്




കോർപ്പറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് ജില്ലാതല കാമ്പയിൻ ഉദ്ഘാടനം നിർവഹിച്ചു. 2023 ജനുവരി 26 ന് രാവിലെ 10 മണിക്ക് മേയറുടെ നേതൃത്വത്തിൽ വിളംബര ജാഥയോടെ പുതിയ കടവിലെത്തി മാലിന്യം നീക്കം ചെയ്ത് ചെടി നട്ടു.

## ഇടുക്കി

ഇടുക്കി ജില്ലാ കളക്ടർ ഷീബാ ജോർജ്ജ് ഐ. എ. എസ് വലിച്ചെറിയൽ മുക്ത കേരളം കാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം കാമാക്ഷി പഞ്ചായത്തിലെ കാൽവരി മൗണ്ടിൽ നിർവഹിച്ചു. കുമളി ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് തല ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡണ്ട് ശാന്തി ഷാജിമോൻ നിർവഹിച്ചു. വിവിധ വാർഡുകളെ പ്രതിനിധീകരിച്ചുള്ള മെമ്പർമാർ, ഹരിത കർമ്മസേന അംഗങ്ങൾ, സ്റ്റാൻഡിങ്




കമ്മിറ്റി ചെയർമാൻമാർ, പഞ്ചായത്ത് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. റോസാപ്പൂകണ്ടം കേന്ദ്രീകരിച്ച് വിവിധ പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനം ആദ്യഘട്ടത്തിൽ ആരംഭിച്ചു.

## കാസർഗോഡ്

വലിച്ചെറിയൽ മുക്ത കേരളം കാമ്പയിൻ ജില്ലാതല ഉദ്ഘാടനം മടിക്കൈ ഗ്രാമപഞ്ചായത്ത് മേക്കാട്ട് വച്ച് നടന്നു. പൊതുയിടങ്ങളിൽ മാലിന്യം വലിച്ചെറിയാതിരിക്കാനുള്ള സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന പൊതുയിട ശുചീകരണ പ്രവർത്തങ്ങളുടെ



ഉദ്ഘാടനവും 2022-23 വാർഷിക പദ്ധതി ബോട്ടിൽ ബൂത്ത് ഉദ്ഘാടനവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. പ്രീതയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വൈസ് പ്രസിഡണ്ട് വി പ്രകാശൻ സ്വാഗതം ആശംസിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചേർപേഴ്സൺ രമ പത്മനാഭൻ, നവകേരളം ജില്ലാ കോഡിനേറ്റർ കെ. ബാലകൃഷ്ണൻ, വി.ഇ.ഒ.മാരായ കെ. സരിത, ടി. അനീഷ് എന്നിവർ സംസാരിച്ചു, ചടങ്ങിൽ ഹരിത കർമസേന അംഗങ്ങൾ, ശുചിത്വമിഷൻ റിസോർസ് പേഴ്സൺ എം. രഞ്ജിനി, എസ്.പി.സി., എൻ.എസ്.എസ്. വോളന്റിയർമാർ സന്നദ്ധപ്രവർത്തകർ എന്നിവർ സംബന്ധിച്ചു.

## ആലപ്പുഴ

സംസ്ഥാന സർക്കാരിന്റെ വലിച്ചെറിയൽ മുക്ത കേരളം കാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ആലപ്പുഴ ലൈറ്റ് ഹൗസിന് സമീപം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി നിർവഹിച്ചു. നഗരസഭ വൈസ് ചെയർമാൻ പി എസ് എം ഹുസൈൻ അധ്യക്ഷത വഹിച്ചു.നവകേരളം കർമ്മ പദ്ധതി 2 ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ, ക്ലീൻ കേരള കമ്പനി



എന്നിവർ ചേർന്നാണ് കാമ്പയിൻ നടത്തുന്നത് .ജനപ്രതിനിധികൾ, ഹരിത കർമ്മസേന അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.




# പാഠ്യപദ്ധതി പരിഷ്കരണം;
## നൈപുണ്യവികസനത്തിന് പ്രാധാന്യം നൽകും: മന്ത്രി വി. ശിവൻകുട്ടി

ഹയർസെക്കൻഡറി തലങ്ങളിൽ നൈപുണ്യ വികസനവും ഉൾപ്പെടുത്തി പാഠ്യപദ്ധതി പരിഷ്ക്കരിക്കുമെന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. ചൊവ്വര ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പാഠ്യപദ്ധതി കാലാനുസൃതമായി സമഗ്രമായ മാറ്റത്തിന് ഒരുങ്ങുകയാണ്. വിദ്യാഭ്യാസം കാലികമാണെങ്കിലും ഭാവി കേന്ദ്രീകൃതമായിരിക്കണം. പൊതുവിദ്യാഭ്യാസ രംഗത്ത് മികച്ച രീതിയിലുള്ള സമഗ്ര മാറ്റമാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. മാതൃഭാഷയ്ക്കൊപ്പം തന്നെ ഇംഗ്ലീഷ് ഭാഷ ഉൾപ്പെടെയുള്ളവയ്ക്കും പാഠ്യപദ്ധതി പരിഷ്ക്കരണത്തിൽ പരിഗണന നൽകും. കേരളത്തിന്റെ വൈവിധ്യമായ സംസ്കാരത്തിന് അനുയോജ്യമായ മാറ്റമാണ്പദ്ധതിയിൽ ഉൾപ്പെടുത്തുക. സംസ്ഥാനത്ത് വിദ്യാഭ്യാസമേഖലയിലെ വികസനത്തിനായി പ്രതിപക്ഷവും ഭരണപക്ഷവും ഒറ്റക്കെട്ടായാണ് പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിനായി കീഴ്മാട് ജി.യു.പി.എസ്. സ്കൂളിന് പ്ലാൻ ഫണ്ടിൽ നിന്ന് രണ്ടുകോടി രൂപ അനുവദിച്ചതായും മന്ത്രി പ്രഖ്യാപിച്ചു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തി കിഫ്ബി ഫണ്ടിൽ നിന്ന് ഒരു കോടി രൂപ അനുവദിച്ചാണ് സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. അൻവർ സാദാത്ത് എം.എൽ.എ. അധ്യക്ഷത വഹിച്ചു.ബെന്നി ബഹന്നാൻ എം.പി. മുഖ്യാതിഥിയായി.

# ലൈഫ് പദ്ധതി 12 വീടുകളുടെ താക്കോൽദാനം എൻ ഷംസുദ്ദീൻ എം.എൽ.എ. നിർവഹിച്ചു

പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് മേക്കളപ്പാറയിലെ ഗോത്രവർഗ വിഭാഗക്കാരായ 12 കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച വീടുകളുടെ താക്കോൽദാനം എൻ. ഷംസുദ്ദീൻ എം.എൽ.എ. നിർവഹിച്ചു. മേക്കളപ്പാറയിലെ കാരക്കാട് കോളനിയിൽ നടന്ന പരിപാടിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അക്കര ജസീന അധ്യക്ഷയായി. പഞ്ചായത്ത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി 1,80,000 രൂപയും ഹഡ്കോയിൽ നിന്നും വായ്പ എടുത്ത 2,20,000 രൂപയും ലൈഫ് ഭവന പദ്ധതിയിലെ രണ്ട് ലക്ഷവും ചേർത്ത് ആറ് ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിന് വിനിയോഗിച്ചത്.





# കബനിക്കായ് വയനാട്;

## വെങ്ങപ്പള്ളി, തരിയോട് മാപത്തോൺ പൂർത്തിയായി

ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ വയനാട് ജില്ലയിൽ നടപ്പാക്കി വരുന്ന കബനിയ്ക്കായ് വയനാട് കാമ്പയിനിന്റെ ഭാഗമായി വെങ്ങ പ്പള്ളി, തരിയോട് ഗ്രാമപഞ്ചായത്തുകളിലെ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തിയായി. വെങ്ങപ്പള്ളിയിൽ 26 നീർ ച്ചാലുകളും തരിയോടിൽ 31 നീർച്ചാലുകളും അടയാളപ്പെടുത്തി. നവകേരളം കർമപദ്ധതിയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ പ്രധാന നദിയായ കബനിയുടെയും കൈവഴികളുടെയും പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന കാമ്പയിനാണ് 'കബനിയ്ക്കായ് വയനാട്'. ആദ്യഘട്ടത്തിൽ 15 തദ്ദേശ സ്ഥാപനങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നത്. പരിശീലനം ലഭിച്ച നവകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരാണ് ജില്ലയിലെ മാപത്തോൺ പ്രവർത്തനങ്ങൾ നടത്തുന്നത്.

വൈത്തിരി, പൊഴുതന, കോട്ടത്തറ പഞ്ചായത്തുകളിലെ മാപത്തോൺ പൂർത്തിയായി. വൈത്തിരിയിൽ 46 നീർച്ചാലുകളും പൊഴുതനയിൽ 35 നീർച്ചാലുകളും കോട്ടത്തറയിൽ 36 നീർച്ചാലുകളും കണ്ടുപിടിച്ച് ഇതിനകം അടയാളപ്പെടുത്തി. അഞ്ച് പഞ്ചായത്തുകളിലെ മാപിംഗ് പൂർത്തീകരിച്ചപ്പോൾ 173 നീർച്ചാലുകളാണ് അടയാളപ്പെടുത്തിയത്. ഗ്രാമ പഞ്ചായത്തിലെ തോടുകളും നീർച്ചാലുകളും കണ്ടെത്തി കേരള ഐ.ടി. മിഷന്റെ സാങ്കേതിക സഹായത്തോടെ ഒ.എസ്.എം. ട്രാക്കർ എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ട്രെയ്സ് എടുക്കുന്നു. റിസോഴ്സ് പേഴ്സൺസ് നേരിട്ടെത്തി നീർച്ചാലുകളുടെ അരികിൽ കൂടി നടന്നാണ് ഇവ ട്രെയ്സ് ചെയ്യുന്നത്. 'ഓപ്പൺ സ്ട്രീറ്റ് മാപ്' എന്ന ബ്രൗസിംഗ് സംവിധാനത്തിലൂടെ ട്രെയ്സ് ചെയ്ത തോടുകൾ 'ആം ചെയർ മാപിംഗ്' എന്ന സംവിധാനത്തിലൂടെ ഡിജിറ്റലായി വരയ്ക്കുന്നു. ഓരോ തദ്ദേശ സ്ഥാപനത്തിലേയും പ്രധാന തോടുകളും നീർച്ചാലുകളും ഗ്രിഡുകളായി ഉൾപ്പെടുത്തിയ ക്യു.ജി.ഐ.എസ്. മാപ് ഐ.ടി. മിഷൻ ലഭ്യമാക്കി ഓരോ പ്രദേശത്തുമുള്ള തോടുകൾ കണ്ടെത്താൻ സഹായകരമാക്കുന്നു. ആംചെയർ മാപിംഗ് ചെയ്ത തോടുകൾ തുടർന്ന് പരിശോധിക്കുകയും ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഇവ പിന്നീട് ആർ.പി.മാർ തിരുത്തുകയും ചെയ്യും. കബനി നദിയുടെ സുസ്ഥിര നിലനില്പ് ഉറപ്പുവരുത്തുക, കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുക, കബനി നദിയേയും ചെറിയ നീർച്ചാലുകളെയും ശാസ്ത്രീയ മാപിംഗിലൂടെ രേഖപ്പെടുത്തി അവതരിപ്പിക്കുക, നദിയുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ആസൂത്രണം നടത്തുക, നദീപുനരുജ്ജീവനത്തിന്റെ ഫലമായി കൃഷി, ടൂറിസം മേഖലകളിൽ വരുത്താവുന്ന മാറ്റങ്ങൾ കണ്ടെത്തുകയും അത് ജനങ്ങളുടെ ഉപജീവനത്തിന് ഉതകുന്നതാക്കി മാറ്റുകയും ചെയ്യുക, നിലവിലുള്ള വരുമാനസ്രോതസ്സുകൾ നിലനിർത്തുകയും പുതിയവ കണ്ടെത്തുകയും ചെയ്യുക, നദിയുടെ സുസ്ഥിര നിലനില്പിന് ശാസ്ത്രീയമായ മാലിന്യസംസ്കരണ രീതികൾ അവലംബിക്കുക എന്നിവയെല്ലാമാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. ട്രെയ്സ് ചെയ്ത് അടയാളപ്പെടുത്തിയ തോടുകളുടേയും നീർച്ചാലുകളുടേയും അവതരണം അതാത് തദ്ദേശസ്ഥാപനങ്ങളിൽ നടത്തുന്നതിനാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ജലസംരക്ഷണ മേഖലയിൽ കൃത്യമായ ആസൂത്രണവും നിർവഹണവും നടത്താൻ കഴിയുകയും തങ്ങളുടെ പ്രദേശത്തെ തോടുകളുടെ സ്ഥിരതയുള്ളതും കൃത്യതയുള്ളതുമായ ഡിജിറ്റൽ ഡോക്യുമെന്റേഷനും സാധ്യമാകുന്നു.



# ഹരിത കർമ്മസേന ശുചിത്വ കേരളത്തിന്റെ സൈന്യം : മന്ത്രി എം.ബി. രാജേഷ്

ഗുരുവായൂർ നഗരസഭയുടെ മൂന്ന് അഭിമാന പദ്ധതികൾ മന്ത്രി നാടിന് സമർപ്പിച്ചു. ശുചിത്വ കേരളത്തിന്റെ സൈന്യമാണ് ഹരിത കർമ്മസേനയെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. ഹരിത കർമ്മസേനക്കെതിരെ സമൂഹ മാധ്യമങ്ങളിൽ അപമാനകരമായ പ്രസ്താവന നടത്തുന്നവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുമെന്നും സർക്കാരിന്റെ പൂർണ്ണ പിന്തുണ ഹരിത കർമ്മസേനയ്ക്ക് ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു. ഗുരുവായൂർ നഗരസഭയുടെ അഭിമാന പദ്ധതികളായ എ.സി. രാമൻ ചിൽഡ്രൻസ് പാർക്ക്, വഴിയോര വിശ്രമ കേന്ദ്രം, എംസിഎഫ് എന്നിവയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

മാലിന്യ സംസ്കരണത്തിൽ ഗുരുവായൂർ നഗരസഭയുടെ മാതൃക കേരളം സ്വീകരിക്കണമെന്നും മന്ത്രി പറഞ്ഞു.

ഗുരുവായൂർ നഗരസഭയിൽ പതിറ്റാണ്ടുകളായി നിലനിന്നിരുന്ന മാലിന്യ നിക്ഷേപ കേന്ദ്രമായ ചൂൽപ്പുറം ഡമ്പിംഗ് ഗ്രൗണ്ടിന്റെ മുഖച്ഛായ ഇതോടെ മാറുകയാണ്. മനുഷ്യവാസം അന്യമാക്കുന്ന, ദുർഗന്ധം പേറുന്ന മാലിന്യമലകളുടെ ചരിത്രം പേറിയിരുന്ന സ്ഥലമാണ് ഇന്ന് പൂങ്കാവനമായി മാറിയിരിക്കുന്നത്. ഈ സ്ഥലത്തിന്റെ ഒരു ഭാഗം നേരത്തെ തന്നെ ആധുനിക ഗ്യാസ് ക്രിമറ്റോറിയവും, മാലിന്യ സംസ്കരണത്തിന്റെ നൂതനാശയങ്ങളോടെ ബയോപാർക്കും, അഗ്രോ നഴ്സറിയുമായി മാറ്റിയിരുന്നു. ഇപ്പോൾ ബയോ പാർക്കിൽ, 42 ലക്ഷം രൂപ ചെലവഴിച്ച്, അജൈവ മാലിന്യം തരം തിരിക്കാനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മിച്ചിരിക്കുകയാണ്. ഡമ്പിംഗ് ഗ്രൗണ്ടിന്റെ ബാക്കിയുണ്ടായിരുന്ന ഒരു ഭാഗത്ത് 43 ലക്ഷം രൂപ ചിലവഴിച്ച് കുട്ടികൾക്ക് കളിക്കാനും മുതിർന്നവർക്ക് വിശ്രമിക്കാനും കഴിയുന്ന പാർക്കും സജ്ജമാക്കിയിട്ടുണ്ട്. ഗുരുവായൂരിലേക്ക് കടന്ന് പോകുന്നവർക്ക് ഇടത്താവളമായി പ്രാഥമിക സൗകര്യങ്ങളോടുകൂടിയാണ് വഴിയോര വിശ്രമകേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. ചടങ്ങിൽ എൻ.കെ. അക്ബർ എം.എൽ.എ. അധ്യക്ഷത വഹിച്ചു.

## കണ്ണൂരിൽ ചെറുധാന്യോത്സവം

ചെറു ധാന്യങ്ങളുടെ പ്രാധാന്യം സമൂഹത്തിൽ പ്രചരിപ്പിക്കാൻ കണ്ണൂർ കളക്ടറേറ്റിൽ രണ്ട് ദിവസം ചെറു ധാന്യോൽസവം സംഘടിപ്പിച്ചു. 2023 അന്താരാഷ്ട്ര ചെറുധാന്യ വർഷ ആചരണത്തിന്റെ ഭാഗമായി ഹരിതകേരളം മിഷനും കാടാച്ചിറ ഡോ. എം. കുട്ടികൃഷ്ണൻ സ്മാരക ആരോഗ്യമൈത്രി സേവനകേന്ദ്രവും സംയുക്തമായാണ് ചെറുധാന്യോൽസവം സംഘടിപ്പിച്ചത്.

തിന, കമ്പം, ചോളം, മുത്താറി, ചാമ, വരക്, കവടപ്പുല്ല്, കൊറേലി മുതലായവയാണ് പ്രധാനപ്പെട്ട ചെറു ധാന്യങ്ങൾ. ഇവയുടെ കൃഷിയും ഉപയോഗവും വർധിപ്പിക്കാൻ ലക്ഷ്യമിട്ടാണ് അന്താരാഷ്ട്ര തലത്തിൽ വർഷാചരണം ആരംഭിച്ചത്. കളക്ടറേറ്റ് പരിസരത്ത് ജില്ലാ പഞ്ചായത്ത്പ്രസിഡണ്ട് പി.പി. ദിവ്യ ചെറുധാന്യോത്സവം ഉദ്ഘാടനം ചെയ്തു.



# ഹരിത കർമ്മസേനക്കൊപ്പം വാതിൽപടി ശേഖരണ കാമ്പയിനിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടും



പാഴ്‌വസ്തു ശേഖരണത്തിൽ ഹരിത കർമ്മസേന അംഗങ്ങൾക്കു ഊർജ്ജം പകരാൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് രംഗത്ത്.

നാറാത്ത് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലാണ് ജനുവരി 24 ന് രാവിലെ 9 മണി മുതൽ ഹരിത കർമ്മസേന അംഗങ്ങളോടൊപ്പം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി. ദിവ്യ വാതിൽപ്പടി മാലിന്യ ശേഖരണത്തിന് രംഗത്തിറങ്ങിയത്.

യൂസർഫി നല്കുന്നതിനെതിരായ പ്രചരണങ്ങളെ മറികടക്കാനും ഹരിത കർമ്മസേനയെ ശക്തിപ്പെടുത്താനും ലക്ഷ്യമിട്ട് സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഇടപെടൽ. ജില്ലാതലത്തിൽ ചേർന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷന്മാരുടെ യോഗത്തിൽ എല്ലാ ജനപ്രതിനിധികളും രംഗത്തിറങ്ങണമെന്ന് പ്രസിഡണ്ട് ആഹ്വാനം ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായാണ് വാതിൽപടി സന്ദർശനം. യൂസർഫി നല്കേണ്ടതിന്റെ പ്രാധാന്യവും ശുചീകരണ പ്രവർത്തനങ്ങളിൽ ഹരിത കർമ്മസേനയുടെ പ്രാധാന്യവും സമൂഹത്തെ ബോധ്യപ്പെടുത്താൻ ലക്ഷ്യമിട്ടാണ് ഹരിത കർമ്മസേനയോടൊപ്പം ജില്ലാ പ്രസിഡന്റ് രംഗത്തിറങ്ങിയത്.

# സഹിതം മെന്ററിങ് പോർട്ടൽ
## വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള ശില്പശാല

അക്കാദമിക നിലവാരത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് കേരളസർക്കാർ നടപ്പിലാക്കുന്നതും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മുന്നിട്ടു നിൽക്കുന്നതുമായ ഒന്നാണ് മെന്ററിങ്. ഓരോ കുട്ടിയെയും അറിഞ്ഞുകൊണ്ട് ആവശ്യമായ പിന്തുണ നൽകാനും പ്രോത്സാഹനം നൽകാനും ആത്മവിശ്വാസം ഉറപ്പിക്കുന്നതിനും സഹായകമാകുന്ന വിധത്തിലാണ് മെന്ററിങ് സംവിധാനം വിഭാവനം ചെയ്തിരിക്കുന്നത്.

പഠനത്തോടൊപ്പം കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും വൈകാരിക പ്രശ്നങ്ങളുടെ പരിഹാരത്തിനും അധ്യാപകരെ മെന്റർമാരാക്കുന്ന പദ്ധതിയാണ് സഹിതം. കുട്ടികളുടെ വ്യക്തിപരമായ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവ മറികടക്കാൻ സഹായിക്കുകയും സവിശേഷ കഴിവുകൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയുമാണ് അധ്യാപകരുടെ പ്രധാനചുമതല.

ജനുവരി 23 ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സഹിതം മെന്ററിങ് പോർട്ടൽ - വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള ശില്പശാല സംഘടിപ്പിച്ചു.





# വലിച്ചെറിയൽ മുക്ത സപ്ലൈക്കോ റോഡ്

സപ്ലൈക്കോ റോഡിലൂടെ ഇനി മൂക്ക് പൊത്താതെ വഴി നടക്കാം. വയനാട്ടിലെ കൽപ്പറ്റ നഗരത്തിലെ അനന്തവീര തിയേറ്ററിന് സമീപത്തെ സപ്ലൈക്കോ റോഡ് നവകേരള കർമപദ്ധതിയുടെ 'വലിച്ചെറിയൽ മുക്ത കേരളം' കാമ്പയിനിന്റെ ഭാഗമായി മാലിന്യങ്ങൾ നീക്കി കഴുകി വൃത്തിയാക്കി. വിദേശികൾ ഉൾപ്പെടെ വയനാട്ടിലെത്തുന്ന നിരവധി സഞ്ചാരികൾ വന്നിറങ്ങുന്ന കൽപ്പറ്റ നഗരമധ്യത്തിലെ പാത മാലിന്യങ്ങൾ നിറഞ്ഞ ദുരവസ്ഥയിലായിരുന്നു. ജനുവരി 26 ന് വലിച്ചെറിയൽ മുക്ത കാമ്പയിന്റെ പ്രചാരണാർഥമുള്ള നഗരസഭാതല ശുചീകരണ പ്രവർത്തനത്തിനായി പതിനാലാം വാർഡിലെ റോഡിനെ തെരഞ്ഞെടുത്തതോടെ ആശ്വാസമായത് അസഹനീയമായ ദുർഗന്ധം പേറി ഇത് വഴി നടക്കുന്ന വിദ്യാർഥികൾ അടക്കമുള്ള നൂറ് കണക്കിന് കാൽനടയാത്രക്കാർക്കാണ്. മാലിന്യങ്ങൾ ഒഴിവാക്കി റോഡ് വൃത്തിയാക്കിയതിന് പുറമെ റോഡിനെ വലിച്ചെറിയൽ-മാലിന്യ മുക്തമാക്കി നിലനിർത്താൻ നഗരസഭ സിസിടിവിയും മുന്നറിയിപ്പ് ബോർഡും സ്ഥാപിച്ചിട്ടുണ്ട്. റോഡ് വൃത്തിഹീനമാക്കുന്ന സാമൂഹ്യ വിരുദ്ധരുൾപ്പെടുന്ന വർക്കെതിരെ കർശന നടപടി സ്വീകരിക്കാനാണ് നഗരസഭ തീരുമാനിച്ചിരിക്കുന്നത്. ഹരിത കർമസേനാംഗങ്ങളും ജന പ്രതിനിധികളും മുൻസിപ്പാലിറ്റി ഉദ്യോഗസ്ഥരും ഉൾപ്പെടെ അമ്പത്തഞ്ചിലധികം പേരുടെ അധ്വാനത്തിലൂടെയാണ് റോഡ് മാലിന്യമുക്തമായത്.

---

# നെറ്റ് സീറോ കാർബൺ:

## പഞ്ചായത്തുകളുടെ ജില്ലാ കോർകമ്മിറ്റി യോഗം പൂർത്തിയാവുന്നു

നവകേരളം കർമപദ്ധതിക്ക് കീഴിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത 99 ഗ്രാമപ്പഞ്ചായത്തുകളുടെ ജില്ലാതല യോഗം അവസാന ഘട്ടത്തിൽ 2023 ജനുവരി അവസാനം വരെ 93 പഞ്ചായത്തുകളുടെ ജില്ലാതല യോഗം പൂർത്തിയായി.

കാർബൺ ഡൈഓക്സൈഡ്, മീഥെയിൻ തുടങ്ങിയ ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളൽ അന്തരീക്ഷത്തിന് താങ്ങാൻ കഴിയുന്ന രീതിയിൽ പരിമിതിപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. മാലിന്യസംസ്കരണം, കൃഷി, ജലസംരക്ഷണം, വൃക്ഷവത്കരണം, ഊർജസംരക്ഷണം, ഗതാഗതം തുടങ്ങിയ മേഖലകളിലെ ഇടപെടലിലൂടെയാണ് ഇത് സാധ്യമാക്കുക. പദ്ധതിയുടെ ഭാഗമായി ഹ്രസ്വകാല, ഇടക്കാല, ദീർഘകാല ലക്ഷ്യങ്ങളോടെ കർമപരിപാടിയും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്.

ഓരോ പഞ്ചായത്തിൽ നിന്നും പുറന്തള്ളുന്ന ഹരിതഗൃഹ വാതകങ്ങളുടെ തോതും ആഗിരണം ചെയ്യപ്പെടുന്ന കാർബണിന്റെ തോതും അറിഞ്ഞുവേണം അതത് പഞ്ചായത്തുകളിൽ വേണ്ട നടപടികൾ സ്വീകരിക്കാനെന്ന് കേരള കാർഷിക സർവകലാശാല കാലാവസ്ഥ വ്യതിയാന പരിസ്ഥിതി വകുപ്പ് ഡീൻ ഡോ. നമീർ പി ഒ തൃശൂർ ജില്ലാതല യോഗത്തിൽ പങ്കെടുക്കവെ പറഞ്ഞു. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വീടുകൾ, സ്ഥാപനങ്ങൾ, ഭൂപ്രദേശങ്ങൾ എന്നിങ്ങനെ വിവിധ യൂണിറ്റുകളായി തിരിച്ചാണ് പ്രവർത്തനം.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01